

# എടക്കുളം
# സെന്റ് സെബാസ്റ്റ്യൻസ് ഇടവക

തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ പൂമംഗലം വില്ലേജിൽ ഇരിങ്ങാലക്കുട രൂപതാ കേന്ദ്രത്തിൽ നിന്ന് 5 കി. മീറ്റർ തെക്കുപടിഞ്ഞാറുഭാഗത്തായി സ്ഥിതിചെയ്യുന്ന എടക്കുളം ഗ്രാമത്തിലെ ആത്മചൈതന്യമാണ് സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്. വിശുദ്ധ അന്തോണീസിന്റെ കപ്പേള സ്ഥിതിചെയ്യുന്ന ഒലുപ്പുക്കഴ പാലംവരെയാണ് ഇടവകയുടെ തെക്കെ അതിർത്തി. നെറ്റിയാട് വരെയാണ് ഇടവകയുടെ വടക്കെ അതിർത്തി. പൂമംഗലം പഞ്ചായത്തിൽപെട്ട 4, 5, 10, 11 വാർഡുകൾ അടങ്ങിയതാണ് ഇടവക.

## കുരിശുപള്ളി

പുരാതനമായ വെളയനാട് പള്ളിയിലെ ഇടവകാംഗങ്ങൾ ആയിരുന്ന എടക്കുളത്തെ കത്തോലിക്കർ 1733-ൽ കല്പറമ്പിൽ ഒരു പള്ളി സ്ഥാപിതമായപ്പോൾ അവിടത്തെ ഇടവകാംഗങ്ങളായി. കൊല്ലവർഷം 1015 മിഥുനം 22-ന് (1840-ൽ) ശനിയാഴ്ച എടക്കുളത്തിന്റെ തെക്കുഭാഗമായ അയ്യുകാട്ടിൽ ഒരു കുരിശും ഭണ്ഡാരവുംവച്ച് ആരാധന തുടങ്ങി. 1033 മകരം 10-ന് (1858-ൽ) കാരയിൽപറമ്പിൽ കുരിശുപള്ളിയുടെ നിർമ്മാണം ആരംഭിച്ചു. വിശുദ്ധ സെബസ്ത്യാനോസിന്റെ രൂപം ഈ ദേവാലയത്തിൽ പ്രതിഷ്ഠിച്ച് ഈ പള്ളിയെ വി. സെബസ്ത്യാനോസിന്റെ പള്ളിയെന്ന് നാമകരണം ചെയ്തു. 1874- ൽ ഒരു കുരിശുപള്ളിയായുള്ള അംഗീകാരവും കൊല്ലത്തിൽ ഒരു ദിവ്യബലി അർപ്പിക്കുന്നതിനുള്ള അനുമതിയും ലഭിച്ചു.

## ഇടവക

1882 മുതൽ ഒരു വൈദികനെ സ്ഥിരമായി ലഭിക്കുകയും ഈ കുരിശുപള്ളിയെ ഒരു ഇടവകയായി അംഗീകരിക്കുകയും ചെയ്തു. ആദ്യം, മണ്ണുകൊണ്ടും പനയോലകൊണ്ടും പണിത പള്ളിക്ക് 1922-ൽ കല്ലുകൊണ്ട് ചുമർ കെട്ടി മരംകൊണ്ടുള്ള മേൽക്കൂര വയ്ക്കുകയും അതിന്മേൽ ഓടുമേയുകയും ചെയ്തു. 1953-ൽ ഈ ചെറിയപള്ളിയുടെ പുറകിൽ ബഹു. തോമസ് കാളാശ്ശേരി അച്ചന്റെയും തുടർന്ന് ബഹു.

ജേക്കബ് വേഴപ്പറമ്പിലച്ചന്റെയും നേതൃത്വത്തിൽ മറ്റൊരു പള്ളി പണിയുകയും നിലവിലുണ്ടായിരുന്ന ചെറിയപള്ളിയെ നടപ്പുരയായി നിർത്തുകയും ചെയ്തു. 1961-ൽ ബഹു. തോമസ് താടിക്കാരനച്ചന്റെ നേതൃത്വത്തിലാണ് പള്ളിയോടു ചേർന്ന് വൈദികമന്ദിരം പണിതത്.



വൈദിക മന്ദിരം

## സ്ക്കൂൾ

1917-ൽ എടക്കുളത്തിന്റെ വടക്കുഭാഗത്ത് ഒരു എൽ.പി. സ്ക്കൂൾ ഇടവകയുടെ നേതൃത്വത്തിൽ പണി തീർത്ത് സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ എന്ന് നാമകരണം ചെയ്തു. എടക്കുളം പ്രദേശത്തെ നാനാ ജാതി മതസ്ഥർ ഇവിടെനിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയവരാണ്. ഇന്ന് ഈ സ്ക്കൂളിൽ നഴ്സറി ക്ലാസ്സും കമ്പ്യൂട്ടർ പഠനവും കൂടി ഏർപ്പെടുത്തിയിരിക്കുന്നു.



സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ

## കപ്പേളകൾ

1924-ൽ പള്ളിയുടെ മുൻവശത്ത് അമലോത്ഭവ മാതാവിന്റെ കപ്പേളയും 1932-ൽ ഇടവകയുടെ വടക്ക് ഭാഗത്ത് വി. ഗീവർഗ്ഗീസിന്റെ കപ്പേളയും 1936-ൽ ഇടവകയുടെ തെക്ക് ഭാഗത്ത് വി. അന്തോണീസിന്റെ കപ്പേളയും സ്ഥാപിച്ചു. പള്ളിയുടെ മുൻവശത്തുള്ള പള്ളിവക സ്ഥലത്ത് ഒരു വലിയ കുരിശും സ്ഥാപിച്ചു.



പരി. അമലോത്ഭവ മാതാവിന്റെ കപ്പേള



വി.ഗീവർഗ്ഗീസിന്റെ വടക്കേ കപ്പേള



വി.അന്തോണീസിന്റെ തെക്കേ കപ്പേള

## കോൺവെന്റ്

1976-ൽ പള്ളിയുടെ തെക്കേപറമ്പിൽ നിന്ന് ഒരേക്കർ ഭൂമി ഹോളി ഫാമിലി കോൺവെന്റിന് ദാനമായി കൊടുത്തു. 1976 നവംബർ 1-ാം തിയ്യതി കോൺവെന്റിന്റെ പണി പൂർത്തിയാവുകയും ആശീർവാദകർമ്മം നടക്കുകയും ചെയ്തു. 1978-ൽ ഇവിടെ ഒരു ടെയ്‌ലറിങ്ങ് സ്ക്കൂളും, നഴ്സറി സ്ക്കൂളും 1985-ൽ ഒരു ക്ലിനിക്കും, 1991- ൽ ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, 2001-ൽ കമ്പ്യൂട്ടർ സെന്ററും, 2002-ൽ ഇടവകയിലെ വൃദ്ധരായ മാതാപിതാക്കൾക്ക് വേണ്ടി എൽഡേഴ്സ് ഫോറവും ആരംഭിച്ചു. ഈ മഠത്തിൽ 7 സിസ്റ്റേഴ്സ് സേവനം ചെയ്യുന്നു. ഇടവകയുടെ വിവിധ പ്രവർത്തനങ്ങളിൽ ആവശ്യാനുസരണം അവർ സഹകരിക്കുന്നു.



ഹോളി ഫാമിലി കോൺവെന്റ്



ഹോളി ഫാമിലി സോഷ്യൽ സെന്റർ

## നവീകരണ ശ്രമങ്ങൾ

ബഹു. വർഗ്ഗീസ് പാത്താടനച്ചന്റെ നേതൃത്വത്തിൽ 1989-ൽ പള്ളിയുടെ മുൻവശത്തെ അമലോത്ഭവ മാതാവിന്റെ കപ്പേളയുടെയും, 1990-ൽ പള്ളിയുടെ നടപ്പുരയുടെയും, 1997-ൽ ബഹു. റോക്കി വാഴപ്പിള്ളി അച്ചന്റെ നേതൃത്വത്തിൽ മണിമാളികയുടെയും തെക്കും വടക്കും ഉള്ള കപ്പേളകളുടെയും പുനർനിർമ്മാണം നടത്തി. 2002-ൽ ബഹു. ബിനോയ് പൊഴോലിപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ വിസ്തൃതമാക്കി നവീകരിച്ച പള്ളിയുടെ വെഞ്ചരിപ്പു കർമ്മം 2002 ഒക്ടോബർ 12-ന് വന്ദ്യപിതാവ് നടത്തി. 2003-ൽ മതബോധനത്തിനായി വൈദികമന്ദിരത്തിനു പുറകിൽ ജൂബിലി ഹാൾ നിർമ്മിച്ചു. 2005-ൽ ഇടവക ദേവാലയത്തിൽ വി. സെബസ്ത്യാനോസിന്റെ തിരുശേഷിപ്പു പ്രതിഷ്ഠിച്ചു. തുടർന്ന് എല്ലാ വർഷവും വിശുദ്ധന്റെ ഊട്ടുതിരുന്നാൾ മേയ്മാസത്തിൽ നടത്തിപ്പോരുന്നു. 2007-ൽ അൾത്താരയുടെ പുനർനിർമ്മാണവും സീലിംഗ് വർക്കും നടത്തി.